താംക്കുറിലും കൊച്ചിയിലും കൂടി ഈ വർഷത്തിൽ സ്റ്റഡൈനൽ പരീക്ഷ ജയിച്ചിട്ടുണ്ട്?

(ബി) കൊച്ചിയിലെ ആറ് സ്വകാര്യ കോളേജുകളിൽ നിന്നും പാസായ കുട്ടികളുടെ എണ്ണം കണക്കാക്കാതെ നൂറിൽ കൂടുതൽ കുട്ടികൾ ഇന്നു് തിരുവിതാംക്കുർ യൂണിവേഴ്സിറ്റിയോടു് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ജൂനിയർ ഇൻറർമീഡിയറ്റ് ക്ലാസ്സിൽ പഠിക്കുന്നുണ്ടു്. തിരുവിതാംക്കുർ യൂണിവേഴ്സിറ്റിയോടു് ചേർന്ന കോളേജുകളിൽ എത്ര കുട്ടികൾ ഉണ്ടെന്നുള്ള വിവരം എനിക്കു കിട്ടിയിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു് : കോളേജിൽ പ്രവേശനം ലഭിക്കാത്ത കുട്ടികളുടെ എണ്ണം എത്രയാണെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു് വേണം.

ശ്രീ. എ. താണുപിള്ള : സ്റ്റഡൈനൽ പരീക്ഷ ജയിച്ചവരിൽ എത്ര ശതമാനമാണു് കോളേജുകളിലേക്കു് പോകുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ചു് 60 ശതമാനമാണെന്നു് കാണുന്നു.

ശ്രീ. സി. വി. ഐയ്യു : സംസ്ഥാനത്തിനു് വെളിയിൽ എത്ര കുട്ടികൾ കോളേജു വിദ്യാഭ്യാസത്തിനു് പോയിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംക്കുർ യൂണിവേഴ്സിറ്റിയോടു് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പഠിക്കുന്ന നൂറിൽപരം കൊച്ചിയിലുള്ള പ്രൈവറ്റ കോളേജുകളിലുള്ള വിദ്യാർത്ഥികളും കഴിച്ചു സ്റ്റഡൈനൽ പരീക്ഷ പാസായിട്ടുള്ളതിൽ കുറെ ആളുകൾ വെളിയിൽ പോയിട്ടുണ്ടു്.

തുൽവിതരണം

*60. (൨൭) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൧൯൫൦ ആഗസ്റ്റ് മാസത്തിൽ തിരുവിതാംക്കുർ പ്രദേശത്തും കൊച്ചി വിഭാഗത്തും വിതരണം ചെയ്ത തുൽ എത്രവീതം?

(ബി) പ്രസ്തുത മാസത്തിൽ നെയ്യാറ്റിൻകര, നെടുമങ്ങാടു്, കൊല്ലം, തലപ്പള്ളി ഈ താലൂക്കുകളിൽ വിതരണം ചെയ്ത തുൽ എത്ര വീതം?

(സി) നെയ്യാറ്റിൻകര താലൂക്കിൽ തുൽ വിതരണത്തിനു പ്രത്യേകമായി ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ൧൯൫൦ ആഗസ്റ്റ് മാസത്തിൽ തിരുവിതാംക്കുർ പ്രദേശത്തു് ൯൦൦ ബെയിൽ തുലും കൊച്ചി പ്രദേശത്തു് ൨൭൫ ബെയിൽ തുലും വിതരണം ചെയ്തിട്ടുണ്ടു്.

(ബി) പ്രസ്തുത മാസത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ ൧൩൫ ബെയിലും, കൊല്ലം താലൂക്കിൽ ൨൫൫ ബെയിലും തലപ്പള്ളി താലൂക്കിൽ ൩൨ ബെയിലും നെടുമങ്ങാടു് താലൂക്കിൽ ൩൫ ബെയിലും തുൽ വിതരണം ചെയ്തിട്ടുണ്ടു്.

(സി) അസിസ്റ്റണ്ടു് റേഷനിംഗ് ആഫീസ്സറെ നിയോഗിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണ്ടവത്തു് ശങ്കരപ്പിള്ള : കൊച്ചി പ്രദേശത്തുള്ള തറികളും തിരുവിതാംകൂർ പ്രദേശത്തുള്ള തറികളും എത്രയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വിവരത്തെപ്പറ്റിയുള്ള ഒരു ചോദ്യം പുറകെ വരുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : നൂൽ വിതരണം ചെയ്യുന്നതു് പ്രത്യേക ഏജൻസികളാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അസിസ്റ്റൻറ് രേഷനിംഗ് ആഫീസറാണു്.

റജിസ്റ്റർ ചെയ്യിട്ടുള്ള തറികൾ

* ൪൦൪. (൧൮൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ പ്രദേശത്തും, കൊച്ചിൻ പ്രദേശത്തും എത്ര തറികൾ റജിസ്റ്റർ ചെയ്യിട്ടുണ്ടു്?

(ബി) തിരുവിതാംകൂറിൽ ഒരു തറിക്കു് ഒരു മാസത്തിൽ കാൽകെട്ടു് നൂൽ കൊടുക്കുമ്പോൾ, കൊച്ചിൻ പ്രദേശത്തു് ഒരു തറിക്കു് ഒരു കെട്ടു നൂൽ കൊടുക്കുവാനുള്ള പ്രത്യേകകാരണമെന്തു്?

(സി) ഫാക്ടറിയിലെ ഒരു തറിക്കു ഇപ്പോൾ ഒരു മാസത്തിൽ എത്ര നൂൽ കൊടുക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) തിരുവിതാംകൂറിൽ ൧൯൪൧-ലെ സെൻസ്സസ്സു് പ്രകാരം ൩൦,൦൦൦ തറികളും കൊച്ചിയിൽ ൩,൦൦൦ തറികളും റജിസ്റ്റർ ചെയ്യിട്ടുണ്ടു്.

(ബി സി) തിരുവിതാംകൂറിൽ കൈത്തറി-നെയ്ത്തിനുള്ള ഫാക്ടറി തറികൾ വളരെ അധികം ഉള്ളതുകൊണ്ടു് മറ്റു തറികൾക്കു് നൂൽ അല്പം കുറഞ്ഞിട്ടുണ്ടു്. ഈ ഫാക്ടറികൾ ഫാക്ടറി ആക്ടു് പ്രകാരം റജിസ്റ്റർ ചെയ്യിട്ടുള്ളതാകകൊണ്ടു് അവയ്ക്കു് മുടങ്ങാതെ നൂൽ കൊടുക്കാൻ നിയമപ്രകാരം ബാദ്ധ്യതയുള്ളതാണു്. ഒക്ടോബർ മാസം മുതൽ ഫാക്ടറി നിയമപ്രകാരം റജിസ്റ്റർ ചെയ്യിട്ടുള്ള ഫാക്ടറികൾക്കു് ഒരു കെട്ടു നൂൽ വീതം കൊടുക്കുന്നുണ്ടു്. തിരുവിതാംകൂറിലെ ഫാക്ടറികളുടെ കണക്കാണു് ഞാൻ പറയുന്നതു്. ഇവിടെ ടെക്സ്റ്റൈൽ കമ്മീഷണർ തന്നിട്ടുള്ള കണക്കുകൾ അനുസരിച്ചു് ൩൦ ഫാക്ടറികൾ ഉണ്ടു്. അവ കുറെ അധികം നൂൽ കൺസ്യൂം ചെയ്യിട്ടുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ഫാക്ടറികൾ കൊച്ചിയിൽ ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊച്ചിയിൽ മൂന്നോ നാലോ ഫാക്ടറികൾ മാത്രമെ ഉള്ളു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : പ്രത്യേക വ്യക്തികൾക്കു് കൊടുക്കുന്നതു് ഫാക്ടറികളെ ഒഴിവാക്കിയിട്ടല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫാക്ടറി നിയമം അനുസരിച്ചു മുടക്കം കൂടാതെ ഫാക്ടറി നടക്കുന്നതിനു വേണ്ടി നൂൽ വിനിയോഗിക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly